"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-മൂന്നാർ പോലീസ് സ്റ്റേഷനിലെ SI ശ്രീ.ദീപക് പി.പി.-ക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി രണ്ടു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1591/2026/HOME തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 09/03/2026 തീയതിയിലെ ഇ5-41707/2026/PHQ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി 01/04/2026 തീയതി മുതൽ രണ്ടു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നഭ്യർത്ഥിച്ച് മൂന്നാർ പോലീസ് സ്റ്റേഷനിലെ SI ശ്രീ.ദീപക് പി.പി. അപേക്ഷ സമർപ്പിക്കുകയും, ആയത് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ദീപക് പി.പി. സർവ്വീസിൽ പ്രവേശിച്ചിരിക്കുന്നത് 16/08/2023-ലാണ്. കൂടാതെ 30/12/2025 തീയതി മുതൽ 29/03/2026 വരെ അനുവദിച്ച ശൂന്യവേതനാവധിക്ക് ശേഷം ശ്രീ.ദീപക് പി.പി 30/03/2026-ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്.ഈ സാഹചര്യത്തിൽ മൂന്നാർ പോലീസ് സ്റ്റേഷനിലെ SI ശ്രീ.ദീപക് പി.പി-ക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി 01/04/2026 തീയതി മുതൽ 31/03/2028 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ് , പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ കെഎസ്ആർ ഭാഗം I ചട്ടം 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.ദീപക് പി.പി., SI (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 08-05-2026 11:41:14